
പാഠപുസ്തകങ്ങളിൽ ഒളിയജണ്ട
സംവാദം




കെ.പി രാമനുണ്ണി
(നോവലിസ്റ്റ്, ചെറുകഥാകൃത്ത്)


# വാക്കും വിശ്വാസവും

മതമൂല്യങ്ങളെ അവഹേളിക്കുന്ന ഒരു പാഠ്യക്രമം സ്വീകരിക്കുന്നത് ഗുണകരമല്ല. ദൈവവിശ്വാസികളും മതങ്ങളെ പിന്തുടരുന്നവരുമാണ് ലോകത്തെ 90 ശതമാനത്തിലേറെ ആളുകളും. അതിൽനിന്നാണ് മൂല്യബോധമുണ്ടാകുന്നത്. മുതലാളിത്തത്തിന്റെ വ്യത്തികേടുകളിൽ നൂറ് ശതമാനവും സാധാരണക്കാർ വീണുപോകാതിരിക്കാൻ അവരിലുള്ള മതബോധം കാര്യമായി സഹായിക്കുന്നുണ്ട്. മൂല്യപരമായ ഈ അടിത്തറ കൂടി തകർത്തുതരിപ്പണമാക്കണം എന്ന് ബുദ്ധിയും വിവേകവുമുള്ള ആരും പറയില്ല.

**കേരളത്തിൽ** നടക്കുന്ന പാഠപുസ്തക വിവാദം കക്ഷിരാഷ്ട്രീയവത്കരിക്കപ്പെടുകയാണ്. അതിനോട് എനിക്ക് ഒട്ടും താൽപര്യമില്ല. കാരണം, ഇത്തരം വിഷയങ്ങൾ ബുദ്ധിപരമായി കൈകാര്യം ചെയ്യുകയും സംവാദം നടത്തുകയും ചെയ്ത് തീരുമാനത്തിലെത്തുകയാണ് വേണ്ടത്. പാഠപുസ്തകത്തിൽ എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ അത് വിദ്യാഭ്യാസ വിചക്ഷണരും പണ്ഡിതന്മാരും ചർച്ച ചെയ്തു പരിഹരിക്കണം. അല്ലാതെ നടുറോട്ടിലേക്ക് മാനഭംഗപ്പെടുത്താൻ വലിച്ചിഴക്കേണ്ട വിഷയമല്ല.

സമരരംഗത്തുള്ള ചിലർക്കെങ്കിലും നിക്ഷിപ്ത താൽപര്യങ്ങളുണ്ട്. പുസ്തകം കത്തിക്കുക തുടങ്ങിയവകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തെന്ന് അവർ ആലോചിക്കുന്നില്ല. കൊച്ചുകൊച്ചു കക്ഷിതാൽപര്യങ്ങളാണ് അവരെ ഇതിന് പ്രേരിപ്പിക്കുന്നത്.

വിദ്യാർഥികളുടെ മാനസിക വികാരങ്ങൾ ഉൾക്കൊണ്ട് ആരും ഈ കാര്യത്തെ സമീപിക്കാത്തത് നിർഭാഗ്യകരമാണ്. ഏഴാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് പന്ത്രണ്ട് വയസ്സാണ് പ്രായം. ഈ കുട്ടിക്ക് മതം, ജീവൻ, പ്രപഞ്ചം, പരിണാമം, മനുഷ്യന്റെ ഇന്നത്തെ അവസ്ഥ തുടങ്ങിയവയെക്കുറിച്ചൊന്നും ആഴത്തിൽ ചിന്തിച്ച് തീരുമാനത്തിലെത്താൻ സമയമായിട്ടില്ല. എന്നാൽ കുട്ടികൾ കൺമുന്നിൽ കാണുന്നതിതാണ്; തങ്ങൾക്ക് പഠിക്കാനുള്ള പുസ്തകം പൊളിയാണെന്നും അസത്യമാണെന്നും ചിലർ വിളിച്ചു പറയുന്നു. പുസ്തകങ്ങൾ തീയിട്ട് കത്തിക്കുന്നു. ചില അധ്യാപകർ പഠിപ്പിക്കാനേ തയാറാകുന്നില്ല. മറുവശത്ത് മറ്റു ചിലർ പുസ്തകം അത്യന്തം മഹനീയമാണ് എന്ന് വിളിച്ചു പറയുന്നു. ഇത്തരമൊരു അവസ്ഥയിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് ചിന്തിച്ചു മനസ്സിലാക്കാൻ ബുദ്ധിപരമായി വളർന്നിട്ടില്ലാത്ത കുട്ടി വല്ലാത്ത ധർമസങ്കടത്തിൽ പെടുന്നു. ആരെയും ഒന്നിനെയും വിശ്വസിക്കാൻ കഴിയില്ല എന്ന പാഠമാണ് ഇതിൽനിന്നെല്ലാം അവൻ പഠിക്കുന്നത്.

## വിശ്വാസം നഷ്ടപ്പെടുന്നു

അധ്യാപകനോടും പഠനത്തോടും വിശ്വാസമില്ലാത്ത ഒരു അവസ്ഥയിലേക്ക് കുട്ടി മാറുന്നു എന്നതാണ് പാഠപുസ്തക വിവാദത്തിന്റെ ആത്യന്തിക ഫലം. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം വിശ്വാസം(trust) ആണ്. ട്രസ്റ്റ് നഷ്ടപ്പെട്ടുകഴിഞ്ഞാൽ ഒരു വ്യക്തിക്ക് സമൂഹവിരുദ്ധനാകാനേ കഴിയൂ.

വ്യക്തി-സമൂഹബന്ധത്തിന്റെ ആധാരശിലയായ ട്രസ്റ്റ് ഊട്ടിയുറപ്പിക്കുന്നത് 'വാക്കാ'ണ്. പറയുന്ന വാക്കും എഴുതുന്ന വാക്കും. 'നിന്റെ സ്രഷ്ടാ



**ലോകത്ത് പല ഇടതുപക്ഷ പ്രസ്ഥാനങ്ങളും ആത്മീയപ്രസ്ഥാനങ്ങളുമായി ചേർന്നുകൊണ്ടാണ് സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്നത്. ചൈനയിലും റഷ്യയിലും ഒക്കെ മതവിശ്വാസികൾക്കും ആരാധനാലയങ്ങൾക്കും അനുവാദം നൽകുന്നുണ്ട്. ഇങ്ങനെയുള്ള അവസ്ഥയിൽ ഇവിടെ അർഥമില്ലാത്ത മതവിരുദ്ധത ആരെങ്കിലും കാണിക്കുന്നത് രാഷ്ട്രീയമായി മണ്ടത്തരമാണെന്ന് പറയേണ്ടിവരും. ആത്മീയത അനുഭവപരമായ സത്യമാണ്.**

വിന്റെ പേരിൽ വായിക്കുക' എന്ന് വേദഗ്രന്ഥം പറയുന്നുണ്ട്. വാക്കിന് അത്രയും പ്രാധാന്യമുണ്ട്. 'ആദിയിൽ വചനമുണ്ടായി' എന്നു പറയുന്നതും അതുകൊണ്ടാണ്. വാക്കിൽ വിശ്വാസമില്ലെങ്കിൽ മാനുഷികത തന്നെ നഷ്ടപ്പെട്ടുപോകും.

ഇങ്ങനെയുള്ള തത്ത്വശാസ്ത്രപരവും മനശ്ശാസ്ത്രപരവുമായ മാനങ്ങൾ പാഠപുസ്തകങ്ങളെ വിവാദത്തിലേക്ക് വലിച്ചിഴക്കുമ്പോൾ ബുദ്ധിജീവികൾ പോലും ആലോചിക്കുന്നില്ല.

വിദ്യാഭ്യാസത്തിന്റെ സ്വകാര്യവത്കരണവും കച്ചവടവത്കരണവും മൂലം പല പ്രശ്നങ്ങളും വിദ്യാർഥികൾ നേരിടുന്നുണ്ട്. കഴിവിനല്ല, പണത്തിനാണ് പ്രാധാന്യം എന്നൊരു ധാരണ കുട്ടികളിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടവർക്ക് അധ്യാപകരില്ല വിദ്യാഭ്യാസ സമ്പ്രദായത്തിലും ഒട്ടും മതിപ്പില്ല. അധ്യാപകരുടെ നിലവാരവും വളരെ കഷ്ടമാണ്. അവർ കുട്ടികളെ പീഡിപ്പിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അധ്യാപകരോടുള്ള സ്നേഹവും ആദരവും കുറഞ്ഞുവരുന്ന അവസ്ഥയിൽ വിദ്യാഭ്യാസം തന്നെ കളിപ്പീരാണെന്ന ധാരണയാണ് കുട്ടികളിൽ ഉണ്ടാകുന്നത്. ഒരു കുട്ടിയുടെ ഭാവി, ജീവിതവിജയം അവന്റെ ഐക്യു (intelligence quotient) അനുസരിച്ചാണെന്നായിരുന്നു പഴയ സിദ്ധാന്തം. ഇന്ന്, ഇക്യൂ (emotional quotient) ആണ് ഒരു കുട്ടിയുടെ ജീവിതവിജയം നിർണയിക്കുന്നത്. എല്ലാ കാര്യങ്ങളിലും നിഷേധാത്മകമായ വീക്ഷണഗതിയിലേക്ക് കുട്ടികളെ എത്തിച്ചാൽ അവരുടെ ഇക്യു തന്നെ തകരാറിലാകും.

ഞാൻ വിശ്വാസിയാണ്. എന്റെ ഉറച്ച നിലപാട് ദൈവവിശ്വാസവും മതവും, അതിന്റെ ശരിയായ മൂല്യങ്ങളോടു കൂടിയാണെങ്കിൽ ഒരിക്കലും പ്രശ്നമല്ല എന്നതാണ്. ദൈവവിശ്വാസവും മതവും മനുഷ്യനെ അങ്ങേയറ്റം ഉയർത്തും. മനുഷ്യന്റെ പരിണാമ ചരിത്രത്തിൽതന്നെ വിശ്വാസവും മതവും അവനെ ജനിറ്റിക്കലായി ഉത്തേജിപ്പിച്ചിട്ടുണ്ട്. മാനസികമായ ഒരു എടുത്തുചാട്ടത്തിന് സജ്ജനാക്കിയിട്ടുണ്ട്.

### മതസ്വാതന്ത്ര്യം

'മതത്തിൽ പ്രശ്നമുണ്ടോ?' എന്ന ചോദ്യത്തിന് വ്യക്തതയുണ്ടാകണം. മതത്തിന്റെ നടത്തിപ്പിൽ പ്രശ്നങ്ങളുണ്ട് എന്ന് എല്ലാ മതവിശ്വാസികളും അംഗീകരിക്കുന്ന കാര്യമാണ്. പൗരോഹിത്യവും മതത്തിന്റെ പേരിൽ നടക്കുന്ന പലതും പ്രശ്നങ്ങളാണ്. അതെല്ലാം വേർതിരിച്ച് മനസ്സിലാക്കണം. പിന്നെ വസ്ത്രധാരണത്തിന്റെ കാര്യം. ഒരോ സംസ്കാരത്തിനും അതിന്റേതായ വസ്ത്രധാരണ രീതിയുണ്ട്. അതൊക്കെ ഓരോരുത്തരുടെയും സ്വാതന്ത്ര്യത്തിന് വിട്ടുകൊടുക്കണം. അതിൽ മതത്തെ കുറ്റപ്പെടുത്തേണ്ടതില്ല. ഒരു മതവും വസ്ത്രധാരണത്തിന്റെ കാര്യത്തിൽ സ്കൂൾ കുട്ടികളുടെ യൂനിഫോം പോലെ ഒരു പൊതു കോഡ് അടിച്ചേൽപിച്ചിട്ടില്ലെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും അങ്ങനെയില്ല. ഇസ്‌ലാമിൽ പറഞ്ഞിട്ടുള്ളത് അശ്ലീലത തോന്നാത്തവിധം അവനവന്റെ നാണം മറക്കണം എന്നാണ്. ശരീരം മുഴുവൻ മൂടുന്ന പർദ ധരിക്കണം എന്നു എവിടെയും നിർദേശിച്ചിട്ടില്ല. ആഫ്രിക്കയിലൊക്കെ മുസ്‌ലിംകൾ അവിടത്തെ സാംസ്കാരികമായ വേഷധാരണം സ്വീകരിച്ചത് മതപണ്ഡിതന്മാർ അംഗീകരിച്ചിട്ടുണ്ട്. അതേസമയം, ഒരു സ്ത്രീക്ക് പർദയാണ് ഉത്തമമെന്ന് തോന്നിയാൽ അത് ധരിക്കാൻ അവൾക്ക് സ്വാതന്ത്ര്യം കൊടുക്കണം. അവളെ സ്ലീവ്‌ലെസ് ബ്ലൗസ് ഇടാൻ നിർബന്ധിക്കുന്നത് ഫാഷിസമാണ്.

മതമൂല്യങ്ങളെ അവഹേളിക്കുന്ന ഒരു പാഠ്യക്രമം സ്വീകരിക്കുന്നത് ഗുണകരമല്ല. ദൈവവിശ്വാസികളും മതങ്ങളെ പിന്തുടരുന്നവരുമാണ് ലോകത്തെ 90 ശതമാനത്തിലേറെ ആളുകളും. അതിൽനിന്നാണ് മൂല്യബോധമുണ്ടാകുന്നത്. മുതലാളിത്തത്തിന്റെ വൃത്തികേടുകളിൽ നൂറ് ശതമാനവും സാധാരണക്കാർ വീണുപോകാതിരിക്കാൻ അവരിലുള്ള മതബോധം കാര്യമായി സഹായിക്കുന്നുണ്ട്. മൂല്യപരമായ ഈ അടിത്തറ കൂടി തകർത്തുതരിപ്പണമാക്കണം എന്ന് ബുദ്ധിയും വിവേകവുമുള്ള ആരും പറയില്ല. ദൈവം ഉണ്ടോ ഇല്ലേ എന്നതിൽ നമുക്ക് വേറെ തർക്കിക്കാം. പക്ഷേ, ഈ പ്രപഞ്ചത്തിനും ജീവിതത്തിനും പിറകിൽ എന്തോ മൂല്യമുണ്ട് എന്ന വിശ്വാസം, തിന്മകൾ ചെയ്യുന്ന ഒരാളെ അത് ചെയ്യുന്നതിൽനിന്ന് തടയുന്നുണ്ടെങ്കിൽ അവരുടെ വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

### ഭൗതികത, ആത്മീയത

ഭൗതികതയുടെ വിപരീതപദമാണ് ആത്മീയത എന്നത് ഒരു പഴയ തെറ്റിദ്ധാരണ മാത്രമാണ്. ഒരാൾ ഇടതുപക്ഷക്കാരനാണെങ്കിൽ, അവൻ ദൈവത്തെയും മതത്തെയും എതിർത്തുകൊള്ളണം എന്ന ചിന്താഗതി മാറ്റേണ്ടതാണ്. മാർക്സിന്

ശേഷം, ഇടതുപക്ഷ ചിന്ത എത്രയോ വളർന്നു മുന്നേറിയിട്ടുണ്ട്. ഭൗതികതയും ആത്മീയതയും തമ്മിലുള്ള തർക്കമൊന്നും ഇന്ന് ഇടതുപക്ഷ ചിന്തകർ പ്രാധാന്യമുള്ളതായി കാണുന്നില്ല. ഭൗതികതയുടെ മറ്റൊരു മാനിഫെസ്റ്റേഷനാണ് ആത്മീയത എന്ന് ശാസ്ത്രം തന്നെ പറയുന്നു. Even matter can be derivative of consciousness എന്നുവരെ ചില ശാസ്ത്രജ്ഞർ ചിന്തിച്ചുപോയിട്ടുണ്ട്. മുമ്പത്തെ കാഴ്ചപ്പാടനുസരിച്ച് മാറ്ററിന്റെ ഏറ്റവും ചെറിയ കണിക ആറ്റമാണെന്നായിരുന്നു. ഇന്ന് ആറ്റത്തിനകത്ത് പ്രോട്ടോണും ന്യൂട്രോണും ഉണ്ടെന്ന് നാം കണ്ടെത്തി. പ്രോട്ടോണിനും ന്യൂട്രോണിനും ഉള്ളിൽ കോർക്കുകൾ (cork) ആണ് ഉള്ളത്. എന്നാൽ കോർക്കുകൾക്ക് മാറ്ററിന്റെ അടിസ്ഥാന സ്വഭാവമില്ലെന്ന് അത്ഭുതകരമായി കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ മാറ്ററും എനർജിയും ആത്മീയതയും ഭൗതികതയും എല്ലാം ഇടകലരുന്ന പുതിയ ശാസ്ത്രാവബോധത്തിൽ പഴയ ശാസ്ത്രാവബോധത്തിനും പഴയ, ഉണങ്ങിയ യുക്തിവാദത്തിനും സ്ഥാനമില്ല.

ലോകത്ത് പല ഇടതുപക്ഷ പ്രസ്ഥാനങ്ങളും ആത്മീയപ്രസ്ഥാനങ്ങളുമായി ചേർന്നുകൊണ്ടാണ് സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്നത്. ചൈനയിലും റഷ്യയിലും ഒക്കെ മതവിശ്വാസികൾക്കും ആരാധനാലയങ്ങൾക്കും അനുവാദം നൽകുന്നുണ്ട്. ഇങ്ങനെയുള്ള അവസ്ഥയിൽ ഇവിടെ അർഥമില്ലാത്ത മതവിരുദ്ധത ആരെങ്കിലും കാണിക്കുന്നത് രാഷ്ട്രീയമായി മണ്ടത്തരമാണെന്ന് പറയേണ്ടിവരും. ആത്മീയത അനുഭവപരമായ സത്യമാണ്. പഞ്ചസാര രുചിച്ചാൽ മധുരിക്കും എന്നത് അനുഭവപരമായ സത്യമാണ്. ആക്സിഡന്റിൽ പെട്ട ഒരാൾക്ക് വാസനിക്കാനും രുചിക്കാനുമുള്ള ശേഷി നഷ്ടപ്പെട്ട സംഭവം ഈയിടെ അറിഞ്ഞു. രുചിക്കാനുള്ള ഗ്രന്ഥികൾ നശിച്ച അയാൾ പഞ്ചസാരക്ക് മധുരമില്ല എന്നു പറയുന്നത് നിരർഥകമാണ്. അതേസമയം, പാൽപായസത്തിന്റെ മധുരം നുകർന്ന ഒരാൾ ആ അനുഭവം അംഗീകരിക്കുകയില്ല. ഇങ്ങനെ അനുഭവ പരമാണ് ആത്മീയത. അതുകൊണ്ട് ഈശ്വരവിശ്വാസത്തിന്റെയും മതത്തിന്റെയും ആത്യന്തികമായ സദ്ഫലങ്ങളാണ് നാം കാണേണ്ടത്. അത് തെളിയിക്കപ്പെട്ടതുമാണ്. അതുകൊണ്ടാണ് 90 ശതമാനത്തിലേറെ ആളുകളും വിശ്വാസികളായി ജീവിക്കുന്നത്. കുറച്ചു വ്യാജന്മാരും തട്ടിപ്പുകാരും ഉണ്ട് എന്നതുകൊണ്ട് മതത്തെയും ആത്മീയതയെയും തന്നെ തള്ളിപ്പറയുന്നതിൽ അർഥമില്ല.

### ഇടതുപക്ഷ ആത്മീയത

ഇടതുപക്ഷം എന്നതിന്റെ അർഥം ദുർബലർക്കും പീഡിതർക്കും ഒപ്പം നിൽക്കുക എന്നതാണ്. എല്ലാ ഇടതുപക്ഷ ഇടപെടലുകളെയും നിരാകരിക്കണമെന്നത് മുതലാളിത്ത അജണ്ടയാണ്. ആ അജണ്ടക്ക് എല്ലാ മതവിശ്വാസികളും വഴങ്ങിക്കൊടുക്കുന്നത് വിഡ്ഢിത്തമാണ്. ഇടതുപക്ഷ അജണ്ടകൾക്കകത്ത് ഒരു ആത്മീയതയുണ്ട്. എല്ലാ മതങ്ങളും അതിന്റെ മൂല്യരൂപത്തിൽ ഇടതുപക്ഷ ചായ്‌വ് പ്രദർശിപ്പിച്ചിട്ടുണ്ട്. ചൂഷണാധിഷ്ഠിതമായ അധികാരശക്തിക്കെതിരെ പീഡിതരോടൊപ്പം നിൽക്കുകയാണ് ആദ്യകാലത്ത് യഥാർഥ മതം ചെയ്തത്. പിന്നീട് മാറ്റങ്ങൾ സംഭവിച്ചതാണ്. മതവിശ്വാസത്തിന്റെയും ആരാധനകളുടെയും സദ്ഫലങ്ങളെപ്പറ്റി പുതിയ ഗവേഷണങ്ങൾ നടക്കുന്നുണ്ട്.

ജ്ഞാനോദയകാലത്തുണ്ടായ ഭൗതിക വാദത്തിൽനിന്ന് ഇന്ന് ലോകം എത്രയോ മുന്നോട്ടു പോയിട്ടുണ്ട്. ജ്ഞാനോദയ സിദ്ധാന്തത്തിന്റെ സ്വാധീനം മാർക്സിസത്തിൽ കാണാമെങ്കിലും അറിഞ്ഞോ അറിയാതെയോ മാർക്സിൽ ഒരു ആത്മീയത ഉണ്ടായിരുന്നു. കാരണം പാവപ്പെട്ടവരുടെ വിമോചനമാണ് മാർക്സ് ലക്ഷ്യം വെക്കുന്നത്. മുതലാളിത്ത ഭൗതികതയിലാണ് യഥാർഥത്തിൽ ഒട്ടും ആത്മീതയില്ലാത്തത്. മതമൂല്യങ്ങളും ഇട

**അധ്യാപകനോടും പഠനത്തോടും വിശ്വാസമില്ലാത്ത ഒരു അവസ്ഥയിലേക്ക് കുട്ടി മാറുന്നു എന്നതാണ് പാഠപുസ്തക വിവാദത്തിന്റെ ആത്യന്തിക ഫലം. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം വിശ്വാസം(trust) ആണ്. ട്രസ്റ്റ് നഷ്ടപ്പെട്ടുകഴിഞ്ഞാൽ ഒരു വ്യക്തിക്ക് സമൂഹവിരുദ്ധനാകാനേ കഴിയൂ. വ്യക്തി–സമൂഹബന്ധത്തിന്റെ ആധാരശിലയായ ട്രസ്റ്റ് ഊട്ടിയുറപ്പിക്കുന്നത് 'വാക്കാ'ണ്. വാക്കിൽ വിശ്വാസമില്ലെങ്കിൽ മാനുഷികത തന്നെ നഷ്ടപ്പെട്ടുപോകും.**



തുപക്ഷ ചിന്തയും തമ്മിൽ എവിടെയൊക്കെയോ യോജിപ്പുകളുണ്ട്. ഐഡിയോള ജിക്കലായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽതന്നെ, പാവപ്പെട്ടവരുടെ വിമോചനമെന്ന വിഷയത്തിൽ ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാടുകൾ മതങ്ങളുമായി യോജിക്കുന്നതാണ്. അതുകൊണ്ട് ആത്മീയതയെ ഒരു രാഷ്ട്രീയ ഊർജമായി പരിവർത്തിപ്പിക്കുന്നതിൽ ഇടതുപക്ഷം മടിച്ചു നിൽക്കേണ്ടതില്ല. ഇടതുപക്ഷ നേതാക്കളും മന്ത്രിമാരും പലപ്പോഴും 'ഞങ്ങൾ മതവിശ്വാസത്തിന് എതിരല്ല' എന്നു പറയാറുണ്ട്. അതേ സമയം ചില ഇടതുപക്ഷ ബുദ്ധിജീവികളുടെ കടുംപിടുത്തങ്ങളാണ് പ്രശ്നം. ചിലർക്ക് ദൈവം എന്നു കേട്ടാൽതന്നെ കലിവരും. ദൈവം, അടിക്കാൻ വരുന്ന സ്കൂൾ മാസ്റ്ററെപ്പോലെയാണെന്ന അവരുടെ ധാരണ, ദൈവം എന്ന സങ്കൽപത്തിന്റെ വിശാലമായ മാനങ്ങളും മതത്തിന്റെ ആഴമുള്ള അടരുകളും സ്പർശിക്കാത്തതുകൊണ്ടാണ്. മാർക്സിന്റെ ഉള്ളിൽ ഒരു ആത്മീയവാദി ഉണ്ടായിരുന്നു. ഭൗതികവാദിയായിട്ടുള്ള ഒരാൾ എന്തിനാണ് മറ്റുള്ളവരുടെ വിശപ്പിനെക്കുറിച്ച്, മനുഷ്യസമത്വത്തെക്കുറിച്ച് ചിന്തിക്കുന്നത്? ഈ ജന്മം സുഖിച്ച് ജീവിക്കാം, ഇതിനു ശേഷം ഒന്നുമില്ല എന്ന് ചിന്തിക്കുന്ന ഒരാൾ മറ്റുള്ളവരുടെ വേദനകൾ പരിഗണിക്കുന്നതിൽ യാതൊരു ലോജിക്കുമില്ല. കൊളോണിയൽ ആധുനികതയുടെ പ്രത്യയശാസ്ത്രപരമായ പല ശാഠ്യങ്ങളിൽനിന്നും നമ്മുടെ ബുദ്ധി ജീവികളും വിദ്യാഭ്യാസ പണ്ഡിതരും വിമോചിതരാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ■

(കെ.പി രാമനുണ്ണി *പ്രബോധനം* പ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിന്റെ ലേഖനാവിഷ്കാരം)